**സാമൂഹ്യ പ്രവർത്തകനും ഊർജ്ജ വിദഗ്ദ്ധനുമായ അനിൽകുമാർ ചെറുകിട വൈദ്യുത പദ്ധതി സ്ഥാപിക്കാനായി ടാൻസാനിയയിലെ .കിങ്കോയിലേയ്ക്ക് യാത്ര ചെയ്ത അനുഭവം. ഒപ്പം കേരളത്തിനും ഇന്ത്യയ്ക്കും ആഗോളവൽക്കരണവും നവോദാരവൽക്കരണവും ഉണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള സൂചനകളും കാണാം.**

# കുടിവെള്ളം = കുപ്പിവെള്ളം (40 രൂപ)

## ചില ടാൻസാനിയൻ അനുഭവങ്ങൾ

അനിൽകുമാർ, ധന്യ

(കഴിഞ്ഞ ലക്കം തുടർച്ച)

**ഞാൻ** താമസിച്ചിരുന്ന ഗ്രാമമായ കിങ്കോ ഏതാണ്ട് പൂർണ്ണമായും കുടിവെള്ളം പോലും കിട്ടാനില്ലാത്ത സാഹചര്യത്തിലെത്തിയിരുന്നു. ഏകദേശം ഒരു നാലു കിലോ മീററർങ്കിലും യാത്ര ചെയ്താൽ മാത്രമേ കുടിക്കാനുള്ള വെള്ളം ശേഖരിക്കാൻ കഴിയൂ നാലു മീററർ അകലെയുള്ള ഒരു ചെറിയ അരുവിയാണ് ഏതാണ്ട് എണ്ണുറോളം വരുന്ന കുടുംബങ്ങളുടെ കുടിവെള്ളത്തിനുള്ള ഏക സ്രോതസ്സ്. രാവിലെ മുതൽ സ്ത്രീകളും കുട്ടികളും ബക്കററുമായി ആ ചെറിയ അരുവിയിൽ നിന്നും ചിരട്ട കൊണ്ട് കോരി നിറച്ചു കൊണ്ടു വരുന്ന വെള്ളമാണ് കുടിക്കാനായുപയോഗിക്കുന്നത്. അവിടുത്തെ ചെറിയ അരുവികളിലെയും നീരുറവകളിലെയും വെള്ളമൊക്കെത്തന്നെ മലിനമായി കഴിഞ്ഞിരിക്കുന്നു. തക്കാളി, ഉരുളൻകിഴങ്ങ്, കാബേജ് തുടങ്ങിയ കൃഷികൾക്കുവേണ്ടി വൻതോതിൽ കീടനാശിനികൾ ഉപയോഗിച്ചതു കൊണ്ട് താഴ്വാരങ്ങളിലെ ഇനിയും വററിക്കൊണ്ടിരിക്കുന്നതും വററാനിരിക്കുന്നതുമായ ജലസ്രോതസ്സുകളെല്ലാം തന്നെ കുടിക്കാനോ വീട്ടാവശ്യങ്ങൾക്കു പോലുമോ ഉപയോഗിക്കാൻ പററാത്ത തരത്തിൽ മലിനപ്പെട്ടു കഴിഞ്ഞിരിക്കുന്നു. വീട്ടാവശ്യങ്ങളായ തുണി അലക്കൽ, പാത്രം കഴുകൽ, എന്നിവയ്ക്കു വേണ്ടി പോലും ഉപയോഗിക്കാൻ ഈ ജലം യോഗ്യമല്ല. കീടനാശിനിയുടെ അളവ് ഈ ജലത്തിൽ വളരെ കൂടുതലാണ്. പരമ്പരാഗതമായ വിത്തിനങ്ങളെല്ലാം തന്നെ ആ നാട്ടിൽ നിന്നും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. എത്രയോ കാലങ്ങളായി കൃഷിക്കാരായി തുടരുകയാണെങ്കിലും പരമ്പരാഗതമായ വിത്തിനങ്ങളെല്ലാം തന്നെ പരീക്ഷണശാലയിലുണ്ടാക്കിയ ഹൈബ്രിഡ് വിത്തുകളുടെ രംഗപ്രവേശം കൊണ്ട് വഴിമാററപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കീടനാശിനികളും രാസവളപ്രയോഗങ്ങളുമില്ലാതെ ഈ രംഗത്ത് പിടിച്ചു നിൽക്കാൻ പററാതായി. ഇപ്പോഴുള്ള വിളകളെല്ലാം തന്നെ അന്തകൻ വിത്തുപയോഗിച്ച് ചെയ്തിട്ടുള്ളവയാണ്. ഒരിക്കലും ഇതിൽ നിന്നും വീണ്ടും വിത്ത് ശേഖരിക്കാൻ കഴിയില്ല. ഓരോ കൃഷിക്കും വീണ്ടും വീണ്ടും വില കൊടുത്ത് വിത്ത് വാങ്ങേണ്ടതായി വരുന്നു. 1965-ൽ തന്നെ ടാൻസാനിയ സ്വതന്ത്രമായെങ്കിലും ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും സർക്കാരിന് ശുദ്ധമായ കുടിവെള്ളം ഗ്രാമങ്ങളിൽ വിതരണം ചെയ്യുവാനോ അവരുടെ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള ജലം ലഭ്യമാക്കിക്കൊടുക്കുവാനോ സാധിച്ചിട്ടില്ല. എന്നാൽ അത്രയും ഉൾനാടൻ ഗ്രാമങ്ങളിൽ പോലും ഹൈബ്രിഡ് വിത്തുകൾ എത്തിച്ചേർന്നു എന്നുള്ളതാണ് നമ്മുടെ വികസന രീതിയുടെ ഏററവും പ്രധാനപ്പെട്ട ഉദാഹരണം.



ഫോട്ടോ : അനിൽകുമാർ

ഇവിടെ സൂചിപ്പിച്ചത് കിങ്കോ എന്ന ഒരു ഗ്രാമത്തിന്റെ മാത്രം പ്രത്യേകതയല്ല. മിക്കവാറും എല്ലാ ടാൻസാനിയൻ ഗ്രാമങ്ങളുടെയും എല്ലാ ആഫ്രിക്കൻ രാജ്യങ്ങളുടെയും ഒരു ചിത്രമാണ്. കുടിവെള്ളം ഇല്ലാത്ത അവസ്ഥ; അതായത് ഏററവും സുന്ദരമായ ഏററവും നല്ല ഭൂവിഭാഗങ്ങളുണ്ടായിരുന്ന സ്ഥലമായിരുന്നു ആഫ്രിക്ക. നല്ല വനസമ്പത്ത്. നല്ല നദികൾ. എന്നാൽ കഴിഞ്ഞ പത്തു-മുപ്പതു വർഷത്തെ അവരുടെ വികസന രീതികൾ - 1919-ലാണ് ജർമ്മനി ടാൻസാനിയയിൽ നിന്നും പിൻവാങ്ങുന്നത്. അതിനു ശേഷം 1965 വരെ ബ്രിട്ടീഷുകാരായിരുന്നു ആഫ്രിക്ക ഭരിച്ചുകൊണ്ടിരുന്നത്. - മാറി മാറി വന്ന ഈ വിദേശരാജ്യങ്ങളൊക്കെ

തന്നെ ആ രാജ്യത്തിന്റെ വനസമ്പത്തും ധാതു സമ്പത്തുമൊക്കെ കൊള്ളയടിക്കുന്നതിൽ മാത്രമാണ് താൽപര്യം കാണിച്ചിരുന്നത്. ഇങ്ങനെ ഏററവും സമ്പന്നമായ വനമേഖലയൊക്കെത്തന്നെ വെട്ടി വെളുപ്പിച്ച് കഴിഞ്ഞു. അതിനുശേഷം, അതായത് സ്വാതന്ത്ര്യലബ്ധിക്കു ശേഷവും ഇത്തരം പ്രവർത്തികൾക്കൊന്നും അവിടെ മാററം വരികയുണ്ടായില്ല. കൃഷിയുടെ പേരിൽ, മററു വികസന പ്രവർത്തിയുടെ പേരിൽ എല്ലാ പാരിസ്ഥിതിക നന്മകളും ജൈവസമ്പുഷ്ടമായ മണ്ണും ഒക്കെ നശിപ്പിച്ചു കഴിഞ്ഞു. ഇങ്ങനെ ജൈവസമ്പത്തുകൾ നശിച്ചുകൊണ്ട് നടത്തിവരുന്ന വികസനരീതിയുടെ ഫലമായാണ് ജലസ്രോതസ്സ് ഇത്രമാത്രം വരണ്ടു കൊണ്ടിരിക്കുന്നത്.പൊതുജലവിതരണസംവിധാനങ്ങൾ കാര്യക്ഷമമായി എവിടെയും പ്രവർത്തിക്കുന്നില്ല. ചുരുക്കം ചില പട്ടണപ്രദേശങ്ങളിൽ മാത്രം സർക്കാരിന്റെ ജലവിതരണപദ്ധതികൾ (Water Supply Schemes) ഉണ്ട് എന്നു പറയാം. എന്നാൽ ഒന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുമില്ല. ഈ പ്രശ്നം പരിഹരിക്കണമെന്നോ ഈ കുടിവെള്ളപ്രശ്നം ഒരു സജീവപ്രശ്നമാണ് എന്നോ അവിടുത്തെ സർക്കാരിന് തോന്നിയിട്ടുമില്ല. അതിന് പകരമായി കിളിമഞ്ജാരോ പോലുള്ള പർവ്വതങ്ങളിൽ സ്ഥിതി ചെയ്യുന്നതും ഉസംബാര മലനിരകളിലെ പലഭാഗങ്ങളിലും ഉള്ള വററാത്ത നീരുറവകളിൽ നിന്നും സ്വകാര്യകമ്പനികൾ വെള്ളം കുപ്പിയിലാക്കി വിതരണം ചെ യ്യുന്ന പ്രവൃത്തി വളരെ തകൃതിയായി തന്നെ നടന്നു വരുന്നു. കിളിമഞ്ജാരോ എന്ന പേരിൽ ടാൻസാനിയയിൽ നിന്നു മാത്രമല്ല, കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ ഏററവും കൂടുതൽ കുപ്പിവെള്ളം വിൽപന നടത്തുന്ന കമ്പനി കൊക്കോകോളയാണെന്ന് മനസ്സിലാക്കുമ്പോഴാണ് ഇതിന്റെ ഭീകരത മനസ്സിലാക്കേണ്ടത്. എവിടെ പോയാലും കുടിവെള്ളം കിട്ടണമെങ്കിൽ കുപ്പിവെള്ളം വാങ്ങണമെന്ന അവസ്ഥയാണ് ആഫ്രിക്കയിലെങ്ങുമുള്ളത്. ടാൻസാനിയയിലെ ഏതു കുഗ്രാമത്തിൽ പോയാലും കുടിവെള്ളം തന്നെ വാങ്ങേണ്ടിവരും. പ്രധാനമായിട്ട് ഹോട്ടലിൽ ചെന്നാൽ ഭക്ഷണത്തിന്റെ കൂടെ കുടിക്കാൻ വെള്ളം തരില്ല. വേണമെങ്കിൽ അരലിററിന്റെയോ ഒരു ലിററിന്റെയോ കുപ്പിയിലടച്ച വെള്ളം അവരെടുത്തു തരും. അതു തന്നെ ഗുണനിലവാരമനുസരിച്ച് പല വിലയിലും ബ്രാന്റിലും ലഭ്യമാണ്. അതായത് ഒരു ലിററർ വെള്ളത്തിന് 1000 ഷില്ലിങ് (40 ഇന്ത്യൻ രൂപ) കൊടുക്കേണ്ടിവരും. ഒരു ദിവസം അവിടുത്തെ ഒരു ശരാശരി തൊഴിലാളിക്ക് കിട്ടുന്ന കൂലി 1000 ഷില്ലിങ് മാത്രമാണെന്ന് മനസ്സിലാക്കുമ്പോഴാണ് ഒരു ലിററർ വെള്ളത്തിന് 1000 ഷില്ലിങ് വേണ്ടി വരുന്ന അവസ്ഥ എത്ര ഭീകരമാണെന്ന് തിരിച്ചറിയേണ്ടത്. അങ്ങനെ ബാക്കിയുള്ള എല്ലാ ജലസ്രോതസ്സുകളും കുപ്പിയിലടച്ച് വെള്ളം വിൽക്കുന്ന ഏജൻസികളുടെ കൈകളിൽ അകപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഹോട്ടലിൽ താമസിച്ചാൽ രാവിലെ പല്ലു തേച്ച്




ഫോട്ടോ : അനിൽകുമാർ

മുഖം കഴുകുന്നതിനു പോലും അവർ കുപ്പിവെള്ളമാണ് എടുത്തു തരിക. അതുപോലെ തന്നെ ഈ കുപ്പിവെള്ളമല്ലാത്ത വെള്ളമെല്ലാം തന്നെ മലിനപ്പെട്ടതാണെന്നതാണ് പൊതുവെ നിലനിൽക്കുന്ന ഒരു വിശ്വാസം. ഗ്രാമങ്ങളിലൂടെ നടക്കുമ്പോൾ ഞങ്ങളോട് അവർ പറയുന്നത് നിങ്ങൾ വെള്ളം കുടിക്കരുത്; കുടിക്കുന്നുവെങ്കിൽ തന്നെ അത് കുപ്പിവെള്ളമായിരിക്കണമെന്നാണ്. ഇത് സ്വകാര്യ ജലലോബിയുടെ ഒരു പ്രവർത്തനഫലമാണ്. കുപ്പിവെള്ളം മാത്രമാണ് ശുദ്ധമെന്നും ഇതിൽ നൂറു ശതമാനം മിനറൽ അടങ്ങിയിട്ടുണ്ടെന്നും ഉള്ള വിശ്വാസം ജനങ്ങൾക്കിടയിൽ സ്ഥാപിക്കാൻ ഇവർക്ക് ഇതിനോടകം തന്നെ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ തന്നെയുള്ള കുപ്പിവെള്ള സാമ്പിളുകൾ പരിശോധിച്ചപ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞ വസ്തുത ഇവയിൽ വലിയ അളവിൽ രാസവസ്തുക്കളും കീടനാശിനികളും മാലിന്യങ്ങളും അടങ്ങിയിട്ടുണ്ടെന്നതാണ്. യാതൊരു മാനദണ്ഡങ്ങളോ നിയന്ത്രണങ്ങളോ ഇല്ലാതെ കുപ്പിയിലാക്കി അടച്ചു വിടുന്ന ഈ വെള്ളം ഉപയോഗിക്കാൻ ജനങ്ങൾ നിർബന്ധിതരാവുകയാണ്. ഇതിനൊക്കെത്തന്നെ ഭരണകൂടം കൂട്ടുനിൽക്കുകയും ചെയ്യുന്നു.

## രാഷ്ട്രീയം

9,45,087 ചതുരശ്ര കിലോമീററർ വിസ്തീർണ്ണത്തിൽ വ്യാപിച്ചു കിടക്കുന്ന ടാൻസാനിയയിൽ 26 മേഖലകളിലായി (Region) ഏതാണ്ട് 3,53,06,126 ജനങ്ങൾ പാർക്കുന്നു. അതിൽ മാഫിയ (Mafiya), പെമ്പ (Pemba), സാൻസിബ (Sansiba) എന്നീ ദ്വീപുകളും ഉൾപ്പെട്ടതാണ്. ടാൻസാനിയൻ ഷില്ലിങ് (Tanzanian Shilling) ആണ് അവിടുത്തെ ലോക്കൽ കറൻസി. ഇപ്പോഴത്തെ നിരക്കനുസരിച്ച് 1350 ഷില്ലിങ് ഒരു യു. എസ് ഡോളറിനു സമമാണെന്ന് പറയാം. കിസാഹിലി (Kisahili) എന്ന പേരിൽ അറിയപ്പെടുന്ന ഭാഷയാണ് ടാൻസാനിയയുടെ ഔദ്യോഗിക ഭാഷ. കിഴക്കെ ആഫ്രിക്കൻ രാജ്യങ്ങളായ കെനിയ, ടാൻസാനിയ, ഉഗാണ്ട എന്നിവിടങ്ങളിലെല്ലാം തന്നെ കിസാഹിലി ആണ് പ്രചാരത്തിലുള്ളത്. ഈ ഭാഷയ്ക്ക് പ്രത്യേക അക്ഷരമാലയൊന്നും പ്രത്യേകമായില്ലാത്തതിനാൽ ഇംഗ്ലീഷ് അക്ഷരങ്ങളാണ് എഴു

താനുപയോഗിക്കുന്നത്. നൂറു ശതമാനം ആദിവാസികൾ മാത്രം ജീവിക്കുന്ന ഈ രാജ്യത്ത് ഏതാണ്ട് ആയിരത്തിൽപരം വ്യത്യസ്ത ഗോത്രങ്ങൾ നിലവിലുണ്ട്. അവർക്കോരോരുത്തർക്കും അവരുടേതു മാത്രമായ ജീവിതരീതിയും ഭാഷയും ഉണ്ട് എന്നുള്ളത് വളരെ ശ്രദ്ധേയമായ ഒരു വസ്തുതയാണ്. എന്നിരുന്നാലും 126 പ്രാദേശിക ഭാഷകളാണ് ഇപ്പോൾ സജീവമായി നിലനിൽക്കുന്നത്. ഓരോ ഭാഷയും മറ്റൊന്നിൽ നിന്നും തികച്ചും വ്യത്യസ്തവും വളരെയേറെ പ്രത്യേകതയുമുള്ളവയാണ്. കിസാഹിലി ഏതാണ്ട് 1920-ൽ രൂപപ്പെടുകയും 40നു ശേഷം സമ്പന്നമാവുകയും ചെയ്ത ഭാഷയാണ്. വിദേശ ആധിപത്യത്തിൻ കീഴിൽ വിവിധ ഗോത്രങ്ങളായി കഴിഞ്ഞിരുന്ന ജനത, ടാൻസാനിയയിലെ മൊത്തം ജനതയെ ഏകോപിപ്പിക്കാനും ആശയവിനിമയം നടത്താനും ഒരു ഭാഷ വേണമെന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ വിവിധ ഗോത്രത്തലവൻമാർ ഒരുമിച്ചിരുന്ന് അവരുടെയെല്ലാം ഭാഷയിൽ നിന്ന് വാക്കുകൾ സ്വരൂപിച്ചു കൂട്ടി നെയ്തെടുത്തതാണ് കിസാഹിലി എന്ന ഭാഷ. എന്നിരുന്നാലും ഇന്ത്യൻ-ജർമ്മൻ ഭാഷകളുടെ സ്വാധീനം ഇവയിൽ പ്രകടമായി കാണുന്നുണ്ട്. ടാൻസാനിയയിലെ മുഴുവൻ ഗോത്രവർഗ്ഗമേഖലകളിലും ഇന്നും ഈ ഭാഷ പൂർണമായുംപ്രചാരം നേടിയിട്ടില്ല. പല ഉൾനാടൻ ഗ്രാമങ്ങളിലെയും ജനങ്ങൾക്ക് ഇന്നും കിസാഹിലി അന്യമാണ്.



രാജ്യത്തിന്റെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് 30 ശതമാനത്തോളം പേർ ഇസ്ലാം മതത്തിലേക്കും 20 ശതമാനത്തോളം പേർ ക്രിസ്തുമതത്തിലേക്കും മതപരിവർത്തനംചെയ്യപ്പെട്ടു കഴിഞ്ഞു. ഇന്നും ഇത്തരം മതപരിവർത്തനം ആഫ്രിക്കൻ രാജ്യങ്ങളിലെല്ലാം തന്നെ സജീവമാണ്. പല ഗ്രാമങ്ങളിലും പല തരത്തിലുള്ള ക്രിസ്ത്യൻ സഭക്കാരുടെ ദേവാലയങ്ങൾ ധാരാളമായി കാണാൻ സാധിക്കും. ഏതാണ്ട് ബാക്കി വരുന്ന അമ്പതു ശതമാനത്തോളം വരുന്ന ജനങ്ങൾ ഇന്നും ഗോത്രഘടനയിൽ തന്നെയാണ് ജീവിച്ചു പോരുന്നത്.

14-ാം ശതകത്തോടു കൂടിയാണ് കിഴക്കൻ ആഫ്രിക്കൻ തീരങ്ങളിൽ അറബ് ജനത എത്തിച്ചേരുന്നത്. 14-ാം ശതകത്തിന്റെ അവസാനത്തോടടുകൂടി, അതായത് 1498-ൽ ഇന്ത്യയിലെന്ന പോലെ വാസ്കോഡഗാമയുടെ നേതൃത്വത്തിൽ പോർച്ചുഗീസുകാർ, കിഴക്കൻ ആഫ്രിക്കൻ തീരമായ, ഇന്നത്തെ കെനിയയിൽ ഉൾപ്പെടുന്ന മുംബാസ (Mumbasa) എന്ന സ്ഥലത്ത് വന്നിറങ്ങിയതോടുകൂടിയാണ് പാശ്ചാത്യ ജനതയുടെ സാന്നിദ്ധ്യം ആഫ്രിക്ക അനുഭവിച്ചു തുടങ്ങുന്നത്. അങ്ങനെ മററവിടെയുമെന്ന പോലെ കച്ചവടക്കാരായി വന്ന പോർച്ചുഗീസ് ജനത ആഫ്രിക്കയെ ആധിപത്യത്തിലാക്കുന്ന കാഴ്ചയാണ് പിന്നെ കാണാൻ കഴിഞ്ഞത്. ഏതാണ്ട് 1884-വരെ പോർച്ചുഗീസ് കാലഘട്ടം അവിടെ നീണ്ടുനിന്നു എന്നു പറയാം. കൊളോണിയൽ കാലഘട്ടത്തിന്റെ ആരംഭത്തിൽ, അതായത് 1884 ഡിസംബർ മാസത്തിൽ ആരംഭിച്ച് 1885 ഫെബ്രുവരി വരെ നീണ്ടു നിന്ന, ബെർലിനിൽ വച്ചു നടന്ന സമ്മേളനത്തിലുണ്ടായ (ബെർലിൻ കോൺഫറസ്) ധാരണ അനുസരിച്ച് പോർച്ചുഗീസുകാരിൽ നിന്നും ജർമ്മനി, ബ്രിട്ടീഷ്, സ്പെയിൻ, ബൽജിയം, ഫ്രാൻസ്, ഇററലി തുടങ്ങിയ രാജ്യങ്ങൾ പോർച്ചുഗീസുകാരുൾപ്പെടെ ആഫ്രിക്കയെ വീതം വച്ചെടുക്കുകയാണുണ്ടായത്. ബർലിനിലിരുന്ന് ആഫ്രിക്കയെ ഓരോ രാജ്യങ്ങളായി പങ്കു വച്ചതിന്റെ തെളിവുകൾ ആഫ്രിക്കയുടെ ഭൂപടം പരിശോധിച്ചാൽ നമുക്ക് കണ്ടെത്താൻ കഴിയും. ഓരോ സ്ഥലത്തേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളൊന്നും പരിഗണിക്കാതെ ഓരോ രാജ്യത്തിനും വേണ്ട വിസ്തീർണ്ണം അനുസരിച്ച് നേർരേഖയായി മുറിച്ച് മാററുകയാണുണ്ടായത്. അങ്ങനെ പോർച്ചുഗീസ് കാലഘട്ടത്തിൽ ഒന്നായി കിടന്നിരുന്ന ആഫ്രിക്കൻ വൻകരയെ യൂറോപ്യൻ രാജ്യങ്ങൾക്കായി വീതിച്ചു കൊടുക്കുകയാണുണ്ടായത്. കെനിയ, ടാറിക്കിബാർ, ടംഗാനിക്ക (ടാൻസാനിയ), റുവാണ്ട, ഉഗാണ്ട തുടങ്ങിയ രാജ്യങ്ങൾ 1885-ാടു കൂടി ജർമ്മൻ ആധിപത്യത്തിലാവുന്നു. ഈ ആധിപത്യം 1919 വരെ തുടർന്നു. മാറി മാറി വന്ന വിദേശശക്തികളെ ആഫ്രിക്കൻ ജനത പരവതാനി വിരിച്ചാണ് സ്വീകരിച്ചത് എന്ന് ഈ പറഞ്ഞതിൽ അർത്ഥമാക്കേണ്ട തില്ല. ദുർബലമെങ്കിലും അങ്ങിങ്ങ് ഒററപ്പെട്ട പ്രതിരോധങ്ങൾ വിദേശ ഭരണാധികാരികൾക്കെതിരെ രൂപം കൊണ്ടിരുന്നു. പ്രത്യേകിച്ച്, ഏററവും ക്രൂരമായ ഭരണവ്യവസ്ഥ അടിച്ചേൽപിച്ച ജർമ്മൻകാർക്കെതിരെ. ഇവയൊന്നും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ശക്തമായ സ്വാതന്ത്ര്യസമര മുന്നേററങ്ങളായി വ്യാപിക്കുകയോ തുടർന്നു പോവുകയോ ചെയ്തില്ല എന്നുള്ളതാണ് ആഫ്രിക്കയുടെ ചരിത്രത്തിലെ ഏററവും കറുത്ത അദ്ധ്യായം എന്നു തോന്നുന്നു.

(തുടരും)

*സിഗ്മ ഇലക്ട്രോണിക്സ്, പാത്തംപ്പാറ, കണ്ണൂർ*